K18U 1966

Reg. No. : ..............................

Name : ..................................

# III Semester B.A. Degree (CBCSS – Regular) Examination, November 2018
## (2017 Admission Only)
## CORE COURSE IN MALAYALAM
## 3B03 MAL : ചെറുകഥാ സാഹിത്യം

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ആദ്യകാല മലയാള കഥകളുടെ സവിശേഷതകൾ ദ്വാരക, ഒരു മരണപത്രം, കണ്ണിപ്പറമ്പിലെ കൊലപാതകം എന്നീ കഥകളെ ആധാരമാക്കി വിവരിക്കുക.

2) അപചയപ്പെടുന്ന ദാമ്പത്യത്തിന്റെ പ്രതീകമായാണ് 'സ്കൂട്ടറി'നെ സാറാ ജോസഫ് അവതരിപ്പിക്കുന്നത് പരിശോധിക്കുക.

3) വി. കെ. എന്നിന്റെ ഫലിതബോധം 'വിവാഹപിറ്റേന്ന്' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

4) 'ബിരിയാണി' എന്ന കഥ അവതരിപ്പിക്കുന്ന സമകാലിക സാമൂഹികാവസ്ഥ വിവരിക്കുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) വൈകിയ വേളയിലാണെങ്കിലും സ്നേഹമെന്നത് മനസ്സിന്റെ മാത്രമല്ല ശരീരത്തിന്റെയും ലയനമാണെന്ന് രാച്ചിയമ്മ തിരിച്ചറിയുന്നുണ്ട്. – നിരൂപിക്കുക.

6) ഓരോ എഴുത്തുകാരിയുടെ ഉള്ളിലുമുള്ള സ്വപ്നമായ 'സ്വന്തമായ ഒരു മുറി'ക്ക് ഉദാഹരണമാണ് മേബിൾ അമ്മായിയുടെ വീട് – ചർച്ച ചെയ്യുക.

7) അടിച്ചമർത്തപ്പെടുന്ന സ്ത്രീഭാവനയെ 'ഓർമ്മയുടെ ഞരമ്പി'ലെ വൃദ്ധയുടെ ഓർമ്മകൾ വെളിപ്പെടുത്തുന്നുണ്ടോ ?'' പരിശോധിക്കുക.

8) എല്ലാ മനുഷ്യരിലുമുള്ള മാനവികതയാണ് 'ഒരു മനുഷ്യൻ' എന്ന കഥയിലെ അർത്ഥതലം വിലയിരുത്തുക.

9) 'തിരുത്ത്' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

10) അന്ധമായ ധാരണകൾ മനുഷ്യനെ മാറ്റിത്തീർക്കുന്നതെങ്ങനെയാണ് മാത്തുക്കുട്ടിയുടെ കഥയിലൂടെ സക്കറിയ കാട്ടിത്തരുന്നത് ? വിവരിക്കുക. **(4×3=12)**

P.T.O.

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) ''ഏതോ ഒരു ഘട്ടത്തിൽ അവർ വാക്കിനെ വിട്ട് സെക്സിലെത്തി, പിന്നെ ഷെയർ മാർക്കറ്റിലും കമ്മ്യൂണിസത്തിന്റെ തകർച്ചയിലുമെത്തി'' – സന്ദർഭമെഴുതി വിശദീകരിക്കുക.

12) സ്വാതന്ത്ര്യം എന്ന പദം വീണ്ടും വന്നപ്പോൾ പെൺകുട്ടി ചുണ്ടുകൾ പൂട്ടി രഹസ്യ മായി സ്വന്തം പല്ലുകൾ നാവുകൊണ്ട് തടവി. എങ്ങാനും ഇളകുന്നുണ്ടോ ?'' വിശദമാക്കുക.

13) 'അമ്മ വന്നിട്ടില്യ'. അവൻ ഇത്ര വേഗം അതെല്ലാം മറന്നുവെന്നോ ? ടാക്സിയിലേക്കു കേറ്റിവെച്ച ആ ശരീരം തനിച്ചു മടങ്ങിവരുമെന്ന് അവൻ വിചാരിച്ചുവോ ? അയാൾ അവന്റെ കൈപിടിച്ചു കൊണ്ട് അടുക്കളയിലേക്കു നടന്നു!' വിശദമാക്കുക.

14) 'വാക്കിനുമീതെ പൈങ്കിളികളും ഡി.സിയും പണക്കിഴികളുമായി ചിറകടിച്ചു പറക്കുന്നതും നാഗമ്പടം മൈതാനിയിൽ രാഷ്ട്രീയ വാഗ്സമുദ്രങ്ങൾ ഓരോ കാലം ഓരോ നിറത്തിൽ പതഞ്ഞു മറിയുന്നതും നേരുതന്നെ' – വിശദീകരിക്കുക.

15) ''മുണ്ടാനും പറയാനുമായിട്ടെങ്കിലും അന്തിക്കൂട്ടിന് ഒരാളുവേണ്ടതാണ്. അതുകൂടിയില്ല അവൾക്ക്'' – ആരുടെ അവസ്ഥ ? വിശദമാക്കുക.

16) 'എന്റെ കൈകൾ അനങ്ങുന്നില്ല. ഞാൻ ഭാവനയിൽ കണ്ടു. രണ്ടു കണ്ണുമില്ലാത്ത നഗ്നനായ ഒരുവൻ ആൾബഹളത്തിനിടയിൽ തെരുവിൽ നില്ക്കുന്നു. അങ്ങനെ ജീവിതം അവസാനിക്കുകയാണ്' – സന്ദർഭം വിശദമാക്കുക. **(4×2=8)**

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) മലയാളത്തിൽ ആദ്യമുണ്ടായതായി കരുതുന്ന ചെറുകഥ ?

18) 'മതിലുകൾ' എന്ന സിനിമ ബഷീറിന്റെ 'ഏത് കൃതിയിൽ നിന്നും സൃഷ്ടിച്ചതാണ് ?

19) 'പയ്യൻസ്' എന്ന കഥാപാത്രത്തെ പ്രസിദ്ധനാക്കിയ കഥാകൃത്ത് ?

20) ഏത് കഥയിലെ കഥാപാത്രമാണ് വള്ളോൻ ?

21) 'തിരുത്ത്' എന്ന കഥയിലെ പ്രധാന സംഭവം ?

22) എതിർപ്പിന്റെ കഥാകാരൻ എന്നറിയപ്പെടുന്നതാരെ ?

23) 'വയലറ്റ് പൂച്ചകൾക്ക് ശൂ വെക്കാൻ തോന്നുമ്പോൾ' എന്ന കഥ എഴുതിയതാര് ?

24) 'ആവേ മരിയ' എന്ന ചെറുകഥാസമാഹാരം ആരുടേതാണ് ? **(6×1=6)**

---